പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1953 08.12.2014 - ലെ മറുപടിക്ക്

സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായപരിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) ഓരോ തസ്തികയ്ക്കും നിയമനത്തിനായുള്ള കുറഞ്ഞ പ്രായപരിധി, ആ തസ്തിക ഉൾപ്പെടുന്ന സ്പെഷ്യൽ റൂളിലാണ് നിശ്ചയിച്ചിരിക്കുന്നത്. പൊതു തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 18 വയസാണ്. |
| (ബി) നിലവിലുള്ള വ്യവസ്ഥ പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രായപരിധി അതാതുവർഷം ജനുവരി ഒന്ന് എന്ന് വിജ്ഞാപനം ചെയ്യുന്നതു മൂലം ജനുവരി 2 മുതൽ ഡിസംബർ 31 വരെയുള്ള വിജ്ഞാപനകാലയളവിൽ നിശ്ചിത പ്രായം പൂർത്തിയാകുന്നവർക്ക് അപേക്ഷിക്കാനുള്ള അവസരം നഷ്ടമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) പെൻഷൻ പറ്റുന്ന തീയതിയുടെ കാര്യത്തിൽ നിലനിന്നിരുന്ന അപാകത പരിഹരിച്ച് നീതി നടപ്പാക്കിയ തത്വത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്നതിനുള്ള വയസ്സിന്റെ കാര്യത്തിലും വിജ്ഞാപന വർഷത്തിലെ ഡിസംബർ 31 വരെയുള്ള തീയതിയിൽ നിശ്ചിത കുറഞ്ഞ/കൂടിയ പ്രായമെത്തുന്നവർക്ക് അപേക്ഷിക്കാനുള്ള അവസരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) യും (സി) യും<br><br>പി.എസ്.സി. വിജ്ഞാപനം ക്ഷണിക്കുന്ന കലണ്ടർ വർഷത്തിൽ ഉയർന്ന പ്രായപരിധി കഴിയുന്ന ഉദ്യോഗാർത്ഥികൾക്ക് ഒരു അവസരം കൂടി ലഭ്യമാക്കുന്ന തരത്തിലാണ് വിജ്ഞാപന വർഷം ജനുവരി ഒന്ന് അടിസ്ഥാനപ്പെടുത്തി കുറഞ്ഞ / ഉയർന്ന പ്രായപരിധി നിശ്ചയിച്ചിരിക്കുന്നത്. പ്രായ പരിധി സംബന്ധിച്ച് നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തുന്ന പക്ഷം വിജ്ഞാപന വർഷം ഉയർന്ന പ്രായപരിധി കഴിയുന്നവർക്ക് ഇപ്പോൾ ലഭ്യമാകുന്ന ഈ ആനുകൂല്യം നഷ്ടമാകും. കുറഞ്ഞ പ്രായപരിധിയും ഉയർന്ന പ്രായ പരിധിയും രണ്ട് വ്യത്യസ്ത തീയതികൾ വച്ച് കണക്കാക്കുന്നത് പ്രായോഗികമാവില്ല. |

സെക്ഷൻ ഓഫീസർ